2. കേന്ദ്രാവിഷ്കൃത പദ്ധതികൾ

(i) സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ)

(ii) സ്വച്ഛ് ഭാരത് മിഷൻ (നഗരം)

➢ മാലിന്യ സംസ്കരണ ഉത്തരവാദിത്വം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേതാണെന്ന പൊതുജനമനോഭാവവും, പൊതു സംവിധാനങ്ങളോടുള്ള എതിർപ്പും.

➢ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണ മേഖലയിൽ പ്രാവീണ്യമുള്ള മാനവ വിഭവശേഷിയുടെ കുറവ്

➢ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ നിയന്ത്രണ അധികാരങ്ങൾ കൃത്യമായി പ്രയോഗിക്കാതിരിക്കൽ

➢ ശുചിത്വ മിഷനിലെ മാനവവിഭവശേഷിയുടെ കുറവ്.

എന്നിവയാണ് മാലിന്യ സംസ്കരണത്തിൽ ശുചിത്വ മിഷൻ നേരിടുന്ന പ്രതിസന്ധികൾ

കെട്ടിട നികുതി വർദ്ധനവ്

245 (1617) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ സർക്കാരധികാരമേറ്റശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കെട്ടിട നികുതി വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പ്രാവശ്യം വർദ്ധിപ്പിച്ചു ;

(ബി) ഏത് മാനദണ്ഡപ്രകാരമാണ് നികുതി വർദ്ധിപ്പിച്ചിട്ടുള്ളത് ; മുൻ സർക്കാരിന്റെ കാലത്തേതിനേക്കാളും എത്ര ശതമാനമാണ് വർദ്ധനവ് വരുത്തിയിട്ടുള്ളത് ; വിശദമാക്കാമോ ?

ഉത്തരം

(എ) 2011-ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, കേരള പഞ്ചായത്ത് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾക്കനുസൃതമായി വസ്തു നികുതി പരിഷ്കരണം ഒരു പ്രാവശ്യം നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിലുള്ള വാർഷിക വാടക മൂല്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി നിർണ്ണയത്തിന് പകരം ഓരോ കെട്ടിടത്തിന്റെയും ഒരു ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് സർക്കാർ നിശ്ചയിച്ച അടിസ്ഥാന നികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും, കൂടിയതുമായ പരിധികൾക്ക് വിധേയമായി, ഓരോ ഇനം കെട്ടിടത്തിനും അർഹമായ ഇളവുകളും, വർദ്ധനവുകളും ബാധകമാക്കിയാണ് നികുതി പരിഷ്കരണം നടത്തുന്നത്. വാസഗൃഹങ്ങൾക്ക് പരമാവധി 25% വർദ്ധനവും, വാസേതര കെട്ടിടങ്ങൾക്ക് പരമാവധി 100% വർദ്ധനവും എന്ന നിബന്ധനകൾ വച്ചിട്ടുണ്ട്. 650 ചതുരശ്ര അടി വരെ പ്ലിന്ത് ഏരിയയിൽ വരുന്ന കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

ശുചിത്വ മിഷന്റെ മാലിന്യ മുക്ത കേരളം പദ്ധതി

246 (1618) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ശുചിത്വ മിഷൻവഴി മാലിന്യ മുക്ത കേരളം പദ്ധതി നടപ്പാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പാക്കുന്നതിനുള്ള കേന്ദ്ര സഹായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനുള്ള തുക എങ്ങനെയാണ് കണ്ടെത്തുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. മാലിന്യ മുക്ത കേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. ജനപ്രാതിനിധ്യത്തോടെ സ്കൂളുകൾ, ആശുപത്രികൾ, അങ്കണവാടികൾ, കോളനികൾ, മാർക്കറ്റുകൾ, പൊതുസ്ഥലങ്ങൾ എന്നിവ ശുചീകരിക്കുക,

LIBRARY ARCHIVES Kerala Legislative Assembly